ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 4851-00-105-92 എന്ന പുതിയ കണക്കിനം 21-7-2015-ലെ സ.ഉ. (സാധാ) നമ്പർ 6701/2015/ധന പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുന്നതാണ്.

പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ സംബന്ധിച്ച്

119 (4701) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ കെ. എസ്. ആർ. ടി. സി. ഉൾപ്പെടെ വിവിധ ബോർഡ് കോർപ്പറേഷനിൽനിന്നും നിയമിക്കപ്പെടുന്നവരുടെ പ്രതിമാസ പി.എഫ്. പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ മാതൃസ്ഥാപനത്തിലേക്ക് ഡി.ഡി ചാർജ്ജ് മുഖേന ഇവരിൽനിന്നും ഈടാക്കിയാണോ അയച്ചുവരുന്നത് ;

(ബി) പ്രസ്തുത സമ്പ്രദായം മാറ്റി ഇ-ട്രാൻസ്ഫർ മുഖേന ഇത്തരം ഇടപാടുകൾ നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ജീവനക്കാർക്ക് നഷ്ടം വരുത്തുന്ന പഴയ സമ്പ്രദായം ഇടരാതെ പ്രസ്തുത ഇടപാടുകൾ ഇ-ട്രാൻസ്ഫർ മുഖേനയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

സർക്കാർ ഫണ്ടുകൾ

120 (4702) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രഷറികളിൽ വരേണ്ട പണം പുതിയ സമ്പ്രദായപ്രകാരം ബാങ്കുകളിലേക്ക് മാറുന്നുണ്ടോ ;

(ഡി) എങ്കിൽ എങ്ങുകൊണ്ടാണെന്നും ഇതിന്റെ ഗുണമെന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവിധ വകുപ്പുകൾക്കും ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഇത്തരം ഫണ്ടുകൾ ട്രഷറിയിൽത്തന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin dated 27-3-2014).

പദ്ധതികളുടെ പൂർത്തീകരണം

121 (4703) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ വി വിജയദാസ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം വിലയിരുത്താറുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗികതകൾ പാലിക്കാതെ വിഭാവനം ചെയ്യുകയും കൺസൾട്ടൻസിയെ നിയമിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചതിനുശേഷം അപ്രായോഗിക പദ്ധതിയെന്ന പേരിൽ ഉപേക്ഷിക്കുകയും ചെയ്യുന്നതുമൂലം കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരത്തിൽ ധനം ദുർവ്യയം ചെയ്യപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly